(ഡി)

- പോളീഹൗസ് നിർമ്മിക്കാൻ അനുയോജ്യമായ കൈവശ ഭൂമിയുടെ ലഭ്യത (നീർവാർച്ച സൗകര്യം, ഉറസായതും നിരപ്പായതുമായ ഭൂമി, ജലസേചന സൗകര്യം തുടങ്ങിയവ.)

- പോളീഹൗസ് നിർമ്മാണത്തിനും തുടർന്നുള്ള സാങ്കേതിക ശാസ്ത്രീയ കൃഷിക്കും വേണ്ട പരിശീലനങ്ങൾ നേടാനുള്ള സന്നദ്ധത, പുരോഗമന ആശയങ്ങൾ ഉൾക്കൊള്ളാനും പരീക്ഷണങ്ങളിലൂടെ പ്രശ്നങ്ങൾ പരിഹരിച്ച് കൂടെയുള്ള കർഷകരെ ഏകോപിപ്പിച്ച് വിജ്ഞാന വ്യാപനം ചെയ്യാനുള്ള സന്നദ്ധത അനിവാര്യം.

- പോളീ ഹൗസ് വിസ്തൃതിക്കനുസരിച്ച് 50-75 ശതമാനം വരെ ധനസഹായം അനുവദിക്കുന്നത് പൂർണ്ണമായും പ്രവർത്തനക്ഷമമായ പോളീഹൗസുകൾക്കാണ്.

സ്വന്തം സാമ്പത്തിക സ്രോതസ്സും, വായ്പയും സ്വരൂപിച്ച് മൂല്യനിർണ്ണയ ഘട്ടം പൂർത്തിയാക്കാനുള്ള ധനശേഷിയും കർഷകന് ആവശ്യമാണ്.

കാർഷിക നയം

193 (1563) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് കാർഷികനയം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) കാർഷിക നയത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ് ;

(സി) കാർഷിക മേഖലയുടെ ഉണർവിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) നയം നടപ്പാക്കുന്നതിൽ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ-സി) 28-3-2015-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 59/15/കൃഷി പ്രകാരം സംസ്ഥാനത്ത് കാർഷിക വികസന നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നയത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നയരൂപീകരണത്തിനായി നിയോഗിച്ചിരുന്ന ഉപസമിതിയിലെ അംഗവും മുൻ കൃഷി ഡയറക്ടറുമായ ശ്രീ. ആർ. ഹേലിയുടെ നേതൃത്വത്തിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ശുപാർശകളും നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഓരോ ടാസ്ക് ഫോഴ്സിന് (കൃഷി വകുപ്പിലും, മൃഗസംരക്ഷണ വകുപ്പിലും) രൂപം നൽകിയിട്ടുണ്ട്.

ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ്

194 (1564) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് ഉറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് പ്രസ്തുത സ്ഥാപനത്തിൽ നടന്നുവരുന്നതെന്ന വിശദാംശം നൽകാമോ ;

(സി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ജീവനക്കാരെ നിയമിച്ചതിന് സ്വീകരിച്ച മാനദണ്ഡവും വിശദമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥാപനം ഉറന്ന് പ്രവർത്തിക്കാൻ ഇതിനകം എത്ര രൂക അനുവദിച്ചിട്ടുണ്ടെന്നും എത്ര രൂക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് ഉറന്ന് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) പ്രതിദിനം 20,000 തേങ്ങ സംസ്കരിച്ച് വെർജിൻ കോക്കനട്ട് ഓയിൽ ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റും പ്രതിദിനം 30 ടൺ കൊപ്രയിൽനിന്നും വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റും ആരംഭിക്കുവാനുള്ള പ്രവർത്തനം, മാമം നാളികേര കോംപ്ലക്സിൽ നടന്നുവരുന്നു.

(സി) പ്രസ്തുത സ്ഥാപനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല.

(ഡി) പ്രസ്തുത സ്ഥാപനം ഉറന്ന് പ്രവർത്തിക്കാൻ സംസ്ഥാന സർക്കാർ രൂകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ RKVY പദ്ധതിപ്രകാരം വെർജിൻ കോക്കനട്ട് ഓയിൽ, വെളിച്ചെണ്ണ, നാളികേരത്തിൽനിന്നുള്ള മറ്റ് ഉത്പന്നങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്നതിനായി 2 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ നിന്നും 114 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly